(ബി) സംസ്ഥാന സർക്കാരിന്റെ അഭ്യർത്ഥന കണക്കിലെടുത്ത് കെ. എസ്.ഇ. ബി.-യെ 2004 ജൂൺ 10-ന് ശേഷം ഒരു വർഷത്തേയ്ക്ക് കൂടി സ്റ്റേറ്റ് ട്രാൻസ്മിഷൻ യൂട്ടിലിറ്റിയായും ലൈസൻസിയായും തുടരുന്നതിന് കേന്ദ്ര സർക്കാർ അനുമതി നൽകുകയും അതിൻ പ്രകാരം സംസ്ഥാന സർക്കാർ വിജ്ഞാപനം പുറപ്പെടുവിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഐക്യപുരോഗമന സഖ്യം തയ്യാറാക്കിയ പൊതുമിനിമം പരിപാടിയിൽ 2003-ലെ ഇലക്ട്രിസിറ്റി ആക്ട് റിവ്യൂ ചെയ്യുമെന്ന് പറയുന്നുണ്ട്. ഇതിന്മേലുള്ള കേന്ദ്ര സർക്കാർ തീരുമാനം അറിയേണ്ടതുണ്ട്.

കെ. എസ്. ഇ. ബി.-യിൽ മസ്ദൂർ/വർക്കർമാരുടെ നിയമനം

74 [891] ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ഇ. ബി.-യിൽ മസ്ദൂർ/വർക്കർമാരുടെ എത്ര ഒഴിവുകളാണ് നിലവിലുള്ളത്;

(ബി) ഇതിലേക്ക് നിയമനത്തിനായുള്ള റാങ്ക് ലിസ്റ്റ് എന്നാണ് നിലവിൽ വന്നത്; ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം നൽകി;

(സി) ലിസ്റ്റ് നിലവിലുള്ളപ്പോൾ പ്രസ്തുത തസ്തികയിലേക്ക് കെ. എസ്. ഇ. ബി.-യുടെ വിവിധ ഡിവിഷനുകളിൽ ദിവസ വേതനത്തിന് ആളെ നിയമിക്കുന്നതായി വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര പേരെയാണ് ഇത്തരത്തിൽ നിയമിച്ചിട്ടുള്ളത്;

(ഡി) ലിസ്റ്റ് നിലവിലുള്ളപ്പോൾ താൽക്കാലിക നിയമനം നൽകാൻ വ്യവസ്ഥയുണ്ടോ;

(ഇ) ഇല്ലെങ്കിൽ ഇവരെ പിരിച്ചുവിട്ട് ലിസ്റ്റിലുള്ളവർക്ക് എത്രയും വേഗം നിയമന ശുപാർശ നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കെ. എസ്. ഇ. ബി.-യിൽ മസ്ദൂർ/വർക്കർ തസ്തികയിൽ വിവിധ ജില്ലകളിലായി 200-ഓളം ഒഴിവുകൾ നിലവിലുണ്ട്.

(ബി) വിവിധ ജില്ലകളിൽ വിവിധ തീയതികളിലായാണ് റാങ്ക് ലിസ്റ്റ് നിലവിൽ വന്നത്. ഇലക്ട്രിസിറ്റി വർക്കർ തസ്തികയിലേക്ക് വിവിധ ജില്ലകളിലെ റാങ്ക് ലിസ്റ്റിൽ നിന്നും വിവിധ ജില്ലകളിലായി 3728 പേരെ ഇതിനകം നിയമിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കെ. എസ്. ഇ. ബി.-യിൽ ദിവസ വേതനത്തിൽ ആളുകളെ നിയമിക്കരുതെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ) ലിസ്റ്റ് നിലവിലുള്ള തസ്തികകളിൽ താൽക്കാലിക ജീവനക്കാരുണ്ടെങ്കിൽ അവരെ പിരിച്ചുവിട്ട് പി.എസ്.സി. മുഖേന നിയമനത്തിന് നടപടി സ്വീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

ഇലക്ട്രോണിക് മീറ്റർ സ്ഥാപിച്ചപ്പോഴുള്ള അധിക വരുമാനം

75 [889] ശ്രീ. കെ. സി. ജോസഫ്:

" കെ. മോഹൻകുമാർ:

" കെ. സി വേണുഗോപാൽ:

പ്രൊഫ: എ. ഡി. മുസ്തഫ:

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇതുവരെ എത്ര ഇലക്ട്രോണിക് വൈദ്യുത മീറ്ററുകൾ സ്ഥാപിച്ചിട്ടുണ്ട്;

(ബി) ഇവ സ്ഥാപിച്ചതിന്റെ ഫലമായി ഉണ്ടായ വൈദ്യുതി ഉപഭോഗത്തിന്റെ വർദ്ധന എത്രയാണ്;

(സി) ഈ വർദ്ധനവിൽ നിന്നും ലഭിക്കുന്ന അധിക വരുമാനം എത്ര;

(ഡി) ഇലക്ട്രോണിക് മീറ്റർ സ്ഥാപിച്ചപ്പോൾ വൈദ്യുതി ഉപഭോഗം വർദ്ധിക്കാനുണ്ടായ കാരണമെന്തെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 22, 12, 120.

(ബി) ഉപഭോഗത്തിൽ വർദ്ധന ഉണ്ടായിട്ടില്ല.

(സി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly